# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 69      25/04/2017-ൽ മറുപടിക്ക്

## യാത്രാ ബോട്ടുകളിൽ നിന്നുള്ള ഇന്ധന മലിനീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജലപാതകളിൽ ഏതെല്ലാം രീതിയിലുള്ള ഇന്ധനം ഉപയോഗിച്ചാണ് യാത്രാ ബോട്ടുകൾ ഉൾപ്പെടെ സർവ്വീസ് നടത്തിവരുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | ഗതാഗത വകുപ്പ് സർവ്വീസിനു പയോഗിക്കുന്ന ഒരു സോളാർബോട്ട് ഒഴികെയുള്ള മറ്റെല്ലാ യാത്രാബോട്ടുകളും ഡീസൽ ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. |
| (ബി) | ഇതിൽ ഏറ്റവും കൂടുതൽ മലിനീകരണമുണ്ടാക്കുന്നത് ഏത് ഇന്ധനമുപയോഗിക്കുന്ന ബോട്ടുകളാണ്; | (ബി) | സംസ്ഥാന ജലഗതാഗത വകുപ്പിൽ ഇതുമായി ബന്ധപ്പെട്ട് പഠന റിപ്പോർട്ടുകളൊന്നും ലഭ്യമല്ല. നിലവിൽ ഡീസൽ ഇന്ധനങ്ങൾ ഉപയോഗിക്കുന്ന ബോട്ടുകളാണ് ഗതാഗതവകുപ്പ് സർവ്വീസിൽ ഭൂരിഭാഗവും. ഇവയെ അപേക്ഷിച്ച് മലിനീകരണം കുറവുള്ള സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) | ഇവയെ നിയന്ത്രിക്കുന്നതിനും ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; വിശദവിവരം ലഭ്യമാക്കുമോ ; | സി) | എറണാകുളം മേഖലയിൽ സർവ്വീസ് നടത്തുന്ന ബോട്ടുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഡീസൽ എൻജിനുകൾക്ക് പകരമായി സി.എൻ.ജി. യും കൂടുതൽ സോളാർബോട്ടുകളും ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ഡി) | ഇത്തരത്തിൽ മലിനീകരണം ഉണ്ടാക്കുന്ന ബോട്ടുകളെ സംബന്ധിച്ച് പരിസ്ഥിതി വകുപ്പോ ഏതെങ്കിലും പരിസ്ഥിതി സംഘടനകളോ രംഗത്ത് വന്നിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ? | ഡി) | ജലമലിനീകരണം തടയുക എന്നുള്ളത് പരിസ്ഥിതി വകുപ്പിന്റെ കീഴിലുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഉത്തരവാദിത്തമാണ്. |

സെക്ഷൻ ഓഫീസർ